(ഡി) ടി വകക്ക വാങ്ങിയ സാധനങ്ങൾ വല്ലതും ബാക്കി ഉണ്ടായിരുന്നുവൊ;

(ഇ) ബാക്കി ഉണ്ടായിരുന്ന എങ്കിൽ അതു് എന്തുചെയ്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

	൧൯൪൬	൧൯൪൭
(എ) എസ്സ്. ആർ. വി. സ്കൂളിൽ	൩൦൦	൩൫൪
എം. ഐ. ഹൈസ്കൂളിൽ	൧൦൦	൧൫൩
സെൻറ് ആൽബട്ട്സ് ഹൈസ്കൂളിൽ	൧൦൦	൭൪

Note.—൧൯൪൬ ൧-ലെ എണ്ണം പറഞ്ഞിട്ടുള്ളതു ഉദ്ദേശംമാത്രമാണു്. സ്കൂളിൽനിന്നും കൃത്യമായ എണ്ണം കിട്ടിയിട്ടില്ല.

(ബി) ൧൦൨൫ ക. വീതം ഓരോ കൊല്ലത്തിലും കുട്ടികളുടെ താമസ സൌകര്യങ്ങൾക്കുവേണ്ടി എസ്സ്. ആർ. വി. സ്കൂളിൽ ചിലവാക്കിയിട്ടുണ്ടു്.

(സി) ഓരോ കൊല്ലവും ഒരു മന്നു പഞ്ചസാരയും രണ്ടു പാട്ട മണ്ണെണ്ണയും.

(ഡി) ഉണ്ടായിരുന്നു.

(ഇ) തല്ക്കാലിക കക്കൂസ്സിന്നായി ൧൯൪൬-ൽ വാങ്ങിയ ൨൦ ബക്കറും ൧൯൪൭-ൽ വാങ്ങിയ ൧൫ ബക്കറിംകൂടി ൩൫ ബക്കറിൽ സ്കൂൾ ആവശ്യത്തിന്നുപയോഗിച്ചു വു ബക്കറുകൾ കഴിച്ചു ൨൯ ബക്കറു ബാക്കിയിരിപ്പുണ്ടു്.

REDUCTION OF FOREIGN LIQUOR SHOPS

406. മിസ്റ്റർ കെ. എ. രാഘവൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമൊ—

(എ) എറണാകുളം, മട്ടാഞ്ചേരി, തൃശ്ശിവപേരൂർ എന്നീ മുനിസിപ്പൽ പട്ടണാതൃത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന വിദേശമദ്യഷാപ്പുകളുടെ സംഖ്യ ൧൯൪൬ മുതല്ക്കു നിയന്ത്രിക്കുന്നതിനു വേണ്ടി ഗവൺമെണ്ടു വല്ല ഉത്തരവുകളൊ നിർദ്ദേശങ്ങളൊ പുറപ്പെടുവിക്കയുണ്ടായിട്ടുണ്ടൊ;

(ബി) ഈ പുതിയ വ്യവസ്ഥ ഏർപ്പെടുത്തിയാൽ അതുമൂലം വിദേശമദ്യ വ്യാപാരം നിർത്തേണ്ടിവരുന്ന കച്ചവടക്കാർ ഗവൺമെണ്ടിലേക്കു വല്ല നിവേദനമൊ ഹർജികളൊ സമർപ്പിക്കുകയുണ്ടായൊ;

(സി) ഈ നിവേദനങ്ങൾ അവർ നേരിട്ടൊ അതൊ വക്കാലത്തുമുഖേനയൊ സമർപ്പിച്ചതു;

(ഡി) അതെല്ലാമായിരുന്ന അവരുടെ വക്കീലന്മാർ;

(ഇ) നിവേദനം അനുസരിച്ചു പുതിയ വ്യവസ്ഥകൾ വേണ്ടെന്നുവെക്കുകയൊ ഒരു കൊല്ലത്തേ അവധി നൽകുകയൊ ഉണ്ടായൊ;

(എഫ്) ഇതിനെസംബന്ധിച്ചുള്ള ഫയൽ ദയവായി മേശപ്പുറത്തു വെക്കാമൊ?

റാവുബഹദൂർ ടി. കെ. നായർ;

(എ) ഉവ്വു്. എറണാകുളം, മട്ടാഞ്ചേരി, തൃശ്ശിവപേരൂർ എന്നീ മുനിസിപ്പൽ അതൃത്തിക്കുള്ളിൽ നന്നാലു മദ്യഷാപ്പുകൾ മാത്രമേ അനുവദിക്കുവാൻ പാടുള്ളു എന്ന ഒരു ഉത്തരവുണ്ടായിരുന്നു.

(ബി) ഹർജികൾ സമർപ്പിച്ചിട്ടുണ്ടു്.

(സി) വക്കാലത്തുമൂലമാണു ഹർജികൾ സമർപ്പിച്ചിട്ടുള്ളതു.

(ഡി) (എ) ക. മെസേർസ്സ് കെ. പി. ശങ്കരൻ
ഖ. എച്ചു്. ഐ. ഫലഗ
ഗ. കെ. ആർ. സദാനന്ദശേണായി
} അഡ്വക്കേറ്റ് മിസ്റ്റർ പി. ഗോവിന്ദമേനോൻ

(ബി) എം. ശിവരാമമേനോൻ —മിസ്റ്റർ എം. ഭാസ്കരമേനോൻ.

(ഇ) ൧—൧—൨൫-ൽ ലൈസൻസു് റദ്ദാക്കുമെന്നുള്ള ഒരു മുന്നറിയിപ്പോടുകൂടി ൧൯൪൬-ൽ നിലവിലുണ്ടായിരുന്ന എല്ലാ വിദേശ മദ്യഷാപ്പുകളും തുടർന്നു നടത്തിക്കൊള്ളുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടു്.

(എഫ്) ഫയൽ മേശപ്പുറത്തു വെക്കുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly